"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പള-ശമ്പളേതര ചെലവുകൾക്കായി ഗ്രാന്റ്-ഇൻ-എയ്ഡ് തുകയിൽ നിന്ന് തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.101/2025/AGRI തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:-

1. 25/04/2025-ലെ സ.ഉ.(സാധാ) നം.400/2025/അഗ്രി.
2. 20/06/2025-ലെ സ.ഉ.(സാധാ) നം.618/2025/അഗ്രി.
3. 27/06/2025-ലെ സ.ഉ.(സാധാ) നം.651/2025/അഗ്രി.
4. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 28/07/2025, 06/08/2025, 12/08/2025 എന്നീ തീയതികളിലെ എ-2360/2024/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] കണക്ക് ശീർഷകത്തിൽ ശമ്പളയിനത്തിൽ 131.87 ലക്ഷം രൂപയും, 2401-00-104-86-(01)-36 NP(V)) കണക്ക് ശീർഷകത്തിൽ ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സൂചന (1), (2), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ശമ്പളേതര ഇനത്തിൽ 65.24 ലക്ഷം രൂപയും, ശമ്പളേതര ഇനത്തിൽ 19.19 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ ഉത്തരവുകൾ പ്രകാരം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചതിനാൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശമ്പള ശീർഷകത്തിൽ 09/25 മുതൽ 11/25 വരെയുള്ള (09/2025 മാസത്തിലെ ശമ്പള വിതരണമടക്കം) ശമ്പള ഇനത്തിൽ ചെലവുകൾക്കായി 39,81,421/- (മുപ്പത്തിയൊൻപത് ലക്ഷത്തി എൺപത്തൊന്നായിരത്തി നാനൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപയും 2401-00-

104-86-(01)-36 [NP(V)] ശമ്പളേതര ശീർഷകത്തിൽ 07/25 മുതൽ 09/25 വരെയുള്ള ചെലവുകൾക്കായി 28,78,000/- (ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തിയെട്ടായിരം രൂപ മാത്രം) രൂപയും അനുവദിക്കുന്നതിനും കൂടാതെ പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയ്ക്കായും കടാശ്വാസ കമ്മീഷൻ സെക്രട്ടറി സൂചന (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ 09/25 മുതൽ 11/25 വരെയുള്ള ചെലവുകൾ ക്കായി 2401-00-104-86-01-31 [NP(V)] ശീർഷകത്തിൽ 39,80,000/- ( മുപ്പത്തിയൊൻപത് ലക്ഷത്തി എൺപതിനായിരംരൂപ മാത്രം) രൂപയും, ശമ്പളേതര ചെലവുകൾ ക്കായി 2401-00-104-86-01-36-NV ശീർഷകത്തിൽ 9,60,000/- (ഒൻപത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും വിതരണം ചെയ്യുന്നതിനും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23-08-2025 തീയതിയിലെ E:3122769/Agri-C1/78/2025-FIN)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 25-08-2025 12:35:51